## പതിമൂന്നാം കേരള നിയമസഭ

### ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. **3561** **24/06/2013**-ൽ മറുപടിക്ക്

### മൃഗശാലകളിൽ നിരീക്ഷണ ക്യാമറ

ചോദ്യം

ശ്രീ. എൻ.എ. നെല്ലിക്കുന്ന്

ഉത്തരം

കുമാരി. പി.കെ. ജയലക്ഷ്മി

(ബഹു.പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ മൃഗശാലകളിൽ നിരീക്ഷണ ക്യാമറ , സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ആയതിനാധാരമായ കാരണങ്ങൾ വിശദമാക്കുമോ ; | (എ) | തിരുവനന്തപുരം മൃഗശാലയിൽ നിരീക്ഷണ ക്യാമറ സ്ഥാപിക്കുന്നതിനായി തീരുമാനിച്ചിട്ടുണ്ട്.<br><br>മൃഗങ്ങളുടെ സ്വഭാവരീതി, സുഖമില്ലായ്മ, മൃഗങ്ങളുടെ പ്രജനനം എന്നിവ നിരീക്ഷിക്കുക; ജീവനക്കാരുടെ പ്രവർത്തനങ്ങൾ നിരീക്ഷണവിധേയമായി ഏകോപിപ്പിക്കുക; സുരക്ഷാ സംവിധാനങ്ങൾ മെച്ചപ്പെടുത്തുക; സന്ദർശകർ മൃഗങ്ങളെ ശല്യം ചെയ്യുന്നുണ്ടോയെന്ന് നിരീക്ഷിക്കുക; സാമൂഹിക വിരുദ്ധർ സാമൂഹിക വിരുദ്ധ പ്രവർത്തനങ്ങൾക്കായി മ്യൂസിയം മൃഗശാല പരിസരം ഉപയോഗിക്കുന്നത് തടയുക. എന്നിവയ്ക്ക് മുൻഗണന നൽകി മ്യൂസിയം മൃഗശാലയുടെ പ്രവർത്തനം കൂടുതൽ സുഗമവും സുരക്ഷിതവുമാക്കാനാണ് നിരീക്ഷണ ക്യാമറകൾ സ്ഥാപിച്ചത്. |
| (ബി) | ഏതൊക്കെ മൃഗശാലകളിലാണ് ക്യാമറ സ്ഥാപിക്കുന്നത് ; എത്ര എണ്ണം വീതം ; വിശദമാക്കുമോ ; | (ബി) | തിരുവനന്തപുരം മൃഗശാലയിലാണ് ക്യാമറ സ്ഥാപിക്കുന്നത്. 46 എണ്ണം. 28 എണ്ണം ഐആർ ബുള്ളറ്റ് ക്യാമറ, 6 എണ്ണം സ്പീഡ് ഡോം ക്യാമറ, 2 എണ്ണം ബോക്സ് ക്യാമറ, 10 എണ്ണം ഫിക്സഡ് ക്യാമറ. |
| (സി) | ആധുനിക സംവിധാനമുള്ള ക്യാമറകളാണോ സ്ഥാപിക്കുന്നത് ; ഇവ മോണിട്ടർ ചെയ്യാനും, കാലകാലങ്ങളിൽ റിപ്പയർ ചെയ്യാനും ഏർപ്പെടുത്തിയിരിക്കുന്ന സംവിധാനത്തിന്റെ വിശദാംശം നൽകാമോ ? | (സി) | സർക്കാർ സ്ഥാപനമായ കെൽട്രോൺ മുഖേന ആധുനിക സംവിധാനമുള്ള ക്യാമറകളാണ് സ്ഥാപിക്കുന്നത്. ക്യാമറ പ്രവർത്തിപ്പിക്കുന്നതിനുള്ള പരിശീലനവും രണ്ട് വർഷത്തെ റീപ്ളേയിസ് മെന്റ് വാറന്റിയും തുടർന്ന് എ.എം.സി. യും ഏർപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ